Editor **T.K. Ubaid** Executive Editor **P.A. Nazimudeen**
Sub Editor **Mehd Maqbool**
Layout & Graphics **Alikoya** Technical Support **Fahis Ali**
Cover **Alifsha**
e-mail malarvadimag@gmail.com | **www.malarvadi.net**
Circulation Phone 0495 2732555
Manager Tele 0495 2730073
e-mail managerprabodhanamclt@gmail.com


# മലർവാടി

**കുട്ടികളുടെ ദ്വൈവാരിക**

2018 ഏപ്രിൽ 1, പുസ്തകം 38, ലക്കം 11


## മലർമൊഴി



> സ്വന്തം കടമ കൃത്യമായും
> ഭംഗിയായും
> നിർവ്വഹിക്കാത്തവന്
> അവകാശങ്ങളില്ല.
>
> -മഹാത്മാ ഗാന്ധി

നാം മനുഷ്യർക്ക് ഒരുപാട് അവകാശങ്ങളുണ്ട്. മക്കളെന്ന നിലയിൽ മാതാപിതാക്കളിൽ നിന്നും കുടുംബത്തിൽ നിന്നും, വിദ്യാർത്ഥികളെന്ന നിലയിൽ അധ്യാപകരിൽ നിന്നും വിദ്യാലയത്തിൽ നിന്നും, പൗരന്മാരെന്ന നിലയിൽ സമൂഹത്തിൽ നിന്നും സർക്കാറിൽ നിന്നും എല്ലാം അവകാശങ്ങൾ ലഭിക്കേണ്ടതുണ്ട്.

വാർത്താ മാധ്യമങ്ങളിൽ സമരവാർത്തകൾ വരാത്ത ദിവസങ്ങളില്ല. തൊഴിലാളി സമരം, ഉദ്യോഗസ്ഥ സമരം, രാഷ്ട്രീയപാർട്ടി സമരം, കർഷക സമരം, ഡോക്ടർമാരുടെ സമരം, വ്യാപാരി സമരം, വിദ്യാർത്ഥിസമരം, അധ്യാപക സമരം... എല്ലാവരും സമരം ചെയ്യുന്നത് അവരവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടിയാണ്.

അവകാശ സമരങ്ങൾ പലപ്പോഴും കലാപകലുഷവും ഹിംസാത്മകവുമാകാറുണ്ട്. നാട്ടിൽ നടമാടുന്ന സമരകോലാഹലങ്ങൾ കണ്ടാൽ തോന്നും ആളുകൾക്ക് അവകാശങ്ങൾ മാത്രമേയുള്ളൂ എന്ന്.

അത്യന്തം അപകടകരമായ ഈ മനോഭാവത്തെ തിരുത്തുകയാണ് ഗാന്ധിജി. നമുക്ക് അവകാശങ്ങൾ മാത്രമല്ല ഉള്ളത്, ഉത്തരവാദിത്വങ്ങളുമുണ്ട്. ഉത്തരവാദിത്വത്തിനാണ് പ്രഥമസ്ഥാനം. നമ്മുടെ ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവ്വഹിക്കുമ്പോഴാണ് നാം അവകാശങ്ങൾക്ക് അർഹരായിത്തീരുന്നത്.

മക്കളെന്ന നിലയിൽ നമുക്ക് മാതാപിതാക്കളിൽ നിന്ന് ചില അവകാശങ്ങൾ കിട്ടേണ്ടതുണ്ട്. സ്നേഹം, പരിപാലനം, ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസ സഹായം.... അങ്ങനെ പലതും.

ഇതുപോലെ മാതാപിതാക്കൾക്ക് മക്കളിൽ നിന്നും ചില അവകാശങ്ങളുണ്ട്. കരുണ, ബഹുമാനം, അനുസരണം, പരിചരണം, അവരുടെ ആഗ്രഹത്തിനും പ്രതീക്ഷക്കുമൊത്തുള്ള പെരുമാറ്റം തുടങ്ങിയവ. അതായത്, നമ്മുടെ ഉത്തരവാദിത്വങ്ങളാണ് നമ്മെ അവരിൽ അവകാശമുള്ളവരാക്കുന്നത്. അവരെ നമ്മിൽ അവകാശമുള്ളവരാക്കുന്നത് അവരുടെ ഉത്തരവാദിത്വങ്ങളുമാണ്. തെഴിലാളിയുടെയും മുതലാളിയുടെയും പൗരന്റെയും സർക്കാറിന്റെയുമൊക്കെ അവകാശ ബാധ്യതകളുടെ കാര്യം ഇതു തന്നെയാണ്.

മാതാപിതാക്കളെ സ്നേഹിക്കാത്ത, ബഹുമാനിക്കാത്ത, അനുസരിക്കാത്ത മക്കൾ അവരിൽ അവകാശമുന്നയിക്കുന്നതിലെന്തർത്ഥം? തൊഴിലാളിക്ക് അർഹമായ വേതനംനൽകുക എന്ന ഉത്തരവാദിത്വത്തിൽ വീഴ്ചവരുത്തുന്ന മുതലാളിക്ക് അവരുടെ സേവനം കൃത്യമായും, ഭംഗിയായും ലഭിക്കാൻ അവകാശമുണ്ടാകുന്നതെങ്ങനെ?




എല്ലാവരും ഉത്തരവാദിത്വങ്ങൾ യഥാവിധി നിർവ്വഹിക്കുമ്പോൾ എല്ലാവർക്കും അവരുടെ അവകാശങ്ങൾ സമരകോലാഹലങ്ങളില്ലാതെ തന്നെ ലഭിച്ചുകൊണ്ടിരിക്കും. ഉത്തരവാദിത്വവും അവകാശവും ഒരു നാണയത്തിന്റെ ഇരുപുറങ്ങളാണ്. ഒരുപുറം മാത്രമായി നാണയത്തിന് നിലനിൽപ്പില്ലല്ലോ. ഈ സത്യത്തിലേക്കാണ് ഗാന്ധിജി നമ്മെ ഉണർത്തുന്നത്.

പത്രാധിപർ

▸▸ ഇന്ത്യൻ പത്രപ്രവർത്തനത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്– എം. ചിലപതി റാവു